# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 104 28.05.2019-ൽ മറുപടി പറയേണ്ടിയിരുന്നത്

## അന്നമ്മ തോമസിന്റെ പരാതിയിന്മേൽ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) റോഡിൽ വെച്ച മൊബൈലിൽ ഫോട്ടോ എടുക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതിന്റെ പേരിൽ കൊല്ലം ജില്ലയിലെ കരിപ്ര വില്ലേജിൽ നെടുമൺകാവ് വാർഡിൽ കരുമ്പേലിൽ വീട്ടിൽ ഗോവിന്ദന്റെ മകൻ സുന്ദരേശൻ (ജയകുമാർ)(63 വയസ്സ്) എന്ന വ്യക്തിക്കെതിരെ ശ്രീമതി അന്നമ്മ തോമസ് എന്നയാളും ഭർത്താവും ചേർന്ന് 15.12.2018 ന് തിരുവനന്തപുരം പേട്ട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.യ്ക്ക് shoptthtvm.pol@kerala.gov.in. എന്ന മെയിൽ അഡ്രസ്സിലേക്ക് അയച്ച പരാതിയിന്മേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പരാതി നൽകി 40 ദിവസം കഴിഞ്ഞിട്ടും നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പരാതിയുടെ ഉള്ളടക്കം വെളിപ്പെടുത്തുമോ; | (എ) പരാതി പേട്ട പോലീസ് സ്റ്റേഷനിൽ 17/DPTN/W/C3/2018 പ്രകാരം പെറ്റീഷൻ രജിസ്റ്ററിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. പരാതിയുടെ ഉള്ളടക്കം ഇതോടൊപ്പം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പരാതിയിന്മേൽ നിയമാനുസരണം നടപടി സ്വീകരിക്കാത്ത എസ്.എച്ച്.ഒ.യുടെ പേരും വിലാസവും ലഭ്യമാക്കുമോ; എതിർകക്ഷി ഉപദ്രവിച്ചതിനെ തുടർന്ന് സർക്കാർ ആശുപത്രിയിൽ ചികിത്സ തേടിയതിന്റെ ഒ.പി. ടിക്കറ്റിന്റെ പകർപ്പ് പ്രസ്തുത പരാതിക്കൊപ്പം ലഭ്യമാക്കിയിരുന്നോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) പരാതിയിൽ നിയമാനുസരണം ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒ.പി. ടിക്കറ്റിന്റെ പകർപ്പ് ലഭിച്ചിരുന്നു. പകർപ്പ് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (സി) പ്രസ്തുത പരാതിയിൽ എതിർകക്ഷിയുടെ പേര് സുന്ദരേശൻ എന്നത് ജയകുമാർ എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നതും എന്നാൽ പിന്നീട് ഐ.ജി.പി.യ്ക്ക് കൊടുത്ത പരാതിയിൽ ആയത് തിരുത്തി നൽകിയിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത പരാതിയിൽ 1-ാം എതിർകക്ഷിയായി പറഞ്ഞിട്ടുള്ളത് ജയകുമാർ, S/o. ജയദേവൻ പിള്ള, സരസ്വതി മന്ദിരം, നെടുമൺകാവ് പി.ഒ., കാരേപ്ര, കൊട്ടാരക്കര, കൊല്ലം ജില്ല എന്നയാളിനെയാണ്. |

| | | | |
|---|---|---|---|
| (ഡി) | പേട്ട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.യിൽ നിന്നും നീതി ലഭിക്കാത്തതിനാൽ മേൽപരാമർശിച്ച പരാതിക്കാർ 18.12.2018-ന് തിരുവനന്തപുരം ഐ.ജി.പി.യ്ക്ക് നൽകിയ പരാതിയിൽ ഉടൻ തന്നെ അന്വേഷണം നടത്തി നടപടിയെടുക്കണമെന്ന് പേട്ട എസ്.എച്ച്.ഒ.യ്ക്ക് ഉത്തരവ് നൽകിയിട്ടും നാളിതുവരെ അന്വേഷിച്ച് എതിർകക്ഷികൾക്ക് എതിരെ യാതൊരു നടപടിയും സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ അടിയന്തര നടപടി സ്വീകരിച്ച് പരാതിക്കാർക്ക് നീതി ലഭ്യമാക്കുമോ; വിശദമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 18.12.2018-ൽ ഐ.ജി.പി, തിരുവനന്തപുരം റേഞ്ചിന് സമർപ്പിച്ച പരാതി പേട്ട പോലീസ് സ്റ്റേഷനിൽ 65/IDPTN/2019/C3 dtd 5/2/2019 പ്രകാരം പെറ്റീഷൻ രജിസ്റ്ററിൽ ചേർത്ത് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | മേൽ പരാതിയിലെ ഒന്നാം എതിർകക്ഷി ആയിരുന്ന സുന്ദരേശൻ 15.12.2018-ന് പേട്ട പോലീസ് സ്റ്റേഷനിൽ പരാതിക്കാർക്കെതിരെ മറ്റൊരു പരാതി നൽകിയതുപ്രകാരം യാതൊരു അന്വേഷണവും കൂടാതെ അന്നേ ദിവസം തന്നെ എതിർകക്ഷികളുടെ പേരിൽ എഫ്.ഐ.ആർ. (No.1726/18/dt. 15.12.2018) രജിസ്റ്റർ ചെയ്തത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; ഈ പരാതിയുടെ പകർപ്പും ഇവർക്കുവേണ്ടി സാക്ഷി മൊഴി നൽകിയ ആൾക്കാരുടെ മൊഴി പകർപ്പും ലഭ്യമാക്കുമോ; | (ഇ) | ശ്രീ. സുന്ദരേശൻ 15.12.2018-ൽ 20.30 Hrs-ന് പേട്ട പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 1726/2018 u/s 447, 294 (b), 323, 506 (II), 34 IPC പ്രകാരം FIR രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. FIR-ന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. കേസ് കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ സാക്ഷികളുടെ മൊഴി പകർപ്പ് നൽകുവാൻ കഴിയില്ല. |
| (എഫ്) | പ്രസ്തുത കേസ്സിൽ വിവേചനപരമായി പെരുമാറുന്ന പേട്ട എസ്.എച്ച്.ഒ.യ്ക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുമോ; ഈ ഉദ്യോഗസ്ഥനെ ടി കേസിന്റെ അന്വേഷണ ചുമതലയിൽ നിന്നും മാറ്റി സത്യസന്ധരായ മേലുദ്യോഗസ്ഥർക്ക് ചുമതല നൽകുമോ; വിശദമാക്കുമോ? | (എഫ്) | പ്രസ്തുത പരാതിയുടെ അന്വേഷണത്തിൽ എസ്.എച്ച്.ഒ. വിവേചനം കാണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

## പരാതിയുടെ ഉള്ളടക്കം

**പരാതികക്ഷി അന്നമ്മ തോമസ് നൽകിയ പരാതി പരിശോധിച്ചതിൽ പരാതികക്ഷിയുടെ ഭർത്താവിനും മകനും അനുജനും കൂടി കടകംപള്ളി വില്ലേജിൽ സർവ്വേ നമ്പർ 1781-ൽപ്പെട്ട പത്ത് സെന്റ് വസ്തുവും വീടും**

ബൈപ്പാസിൽ വേൾഡ്മാർക്കറ്റിന് എതിർവശം ഉള്ളതായും, വഴി സംബന്ധിച്ച് ടി വസ്തുവിന് ചുറ്റുമുള്ള ഉടമസ്ഥനുമായി വിവിധ കോടതികളിൽ കേസുള്ളതായും, ടി പരാതികക്ഷിയുടെ വസ്തു എതിർകക്ഷികൾക്ക് കൊടുക്കാത്തതിന്റെ വിരോധത്തിൽ പലതവണ ഭീഷണിപ്പെടുത്തുകയും, അസഭ്യങ്ങൾ പറയുകയും ചെയ്തുവെന്നും, ഒരു ദിവസം ഒന്നാം എതിർകക്ഷി ജയകുമാർ പരാതികക്ഷി അന്നമ്മ തോമസിന്റെയും കൂടെയുണ്ടായിരുന്ന ബിനു കുമാറിന്റെയും ഫോട്ടോ രണ്ടു മൊബൈൽ ഫോണുകളിലായി എടുക്കുകയും ഇതിനെ സംബന്ധിച്ച് വാക്കുതർക്കങ്ങൾ ഉണ്ടായതായും, തുടർന്ന് അസഭ്യങ്ങൾ പറഞ്ഞു ഭീഷണിപ്പെടുത്തിയെന്നും, 15-12-2018 ഉച്ചക്ക് 12.30 നും 01.00 മണിക്കും ഇടക്ക്, എതിർകക്ഷികളായ ജയകുമാർ, വർഗ്ഗീസ്, സുനിൽ, കണ്ടാലറിയാവുന്ന മുഷതോളം ഗുണ്ടകൾ ചേർന്ന് പരാതികക്ഷിയുടെ വഴിയോട് ചേർന്ന സ്ഥലത്ത് ബലാല്കാരവും അനധികൃതവുമായി മതിൽ കെട്ടുന്നതായി അറിഞ്ഞ് ടി സ്ഥലത്തിനടുത്തെത്തിയ ഒന്നാം പരാതികക്ഷിയായ അന്നാമ്മ തോമസനെയും രണ്ടാം പരാതികക്ഷി തോമസ്ജോർജിനെയും ഒന്നാം എതിർകക്ഷി ജയകുമാർ അസഭ്യങ്ങൾ വിളിച്ചു പറഞ്ഞ് രണ്ടാം പരാതികക്ഷി തോമസ് ജോർജിനെ കഴുത്തിൽ പിടിച്ച് തള്ളുകയും, ചെകിടത്തു അടിക്കുകയും, കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തതായും, തുടർന്ന് പരാതികക്ഷിയുടെ വസ്തു നോട്ടക്കാരനായ ബിനു കുമാറിനെ എതിർകക്ഷികളായ ജയകുമാറും, വർഗ്ഗീസും, സുനിലുമായി കയ്യേറ്റം ചെയ്യാൻ ശ്രമിച്ചു എന്നുള്ളതാണ് പരാതികക്ഷി അന്നമ്മ തോമസിന്റെ പരാതിയിലെ ഉള്ളടക്കം.

[signature]

സെക്ഷൻ ഓഫീസർ

11

അനുബന്ധം - 2

# Govt. General Hospital, Thiruvananthapuram
ഗവ. ജനറൽ ആശുപത്രി, തിരുവനന്തപുരം

## OUT PATIENT RECORD

OP No: **OP494689/18** (GENERAL) Date : 15/12/2018 09:50 PM
Name THOMAS GEORGE. 56Y . M
Address : MANNAMMULA. THIRUVANANTHAPURAM Income : Rs.50000
Mobile : 9447021414 Scheme :
Dept : CMO Unit : CMO

Clinical Examination

[illegible]

X-ray skull

[illegible]

Please bring this card on each visit.

Name and Signature of Medical Officer

[illegible]

സെക്ഷൻ ഓഫീസർ

അനുബന്ധം- 3

Before the Hon'ble Court of The Additional Chief Judicial Magistrate, Thiruvananthapuram

F.I.F.-1(ഒന്നു തരം)

# FIRST INFORMATION REPORT

## (പ്രഥമ വിവര റിപ്പോർട്ട്)

(Under Section 154 Cr.P.C.)

(ക്രിമിനൽ നടപടി നിയമം 154-വകുപ്പ് പ്രകാരം)

1 District(ജില്ല) THIRUVANANTHAPURAM CITY P.S.(പോലീസ് സ്റ്റേഷൻ) : PETTAH

FIR No(പ്രഥമ വിവര നമ്പർ): 1726 Year(വർഷം) : 2018

Date and time of FIR(പ്രഥമ വിവര റിപ്പോർട്ട് തിയതിയും സമയവും) : 15/12/2018 20:33

2

| S.No (ക്രമ നമ്പർ) | Acts(നിയമം) | Sections(വകുപ്പുകൾ) |
|---|---|---|
| 1 | IPC 1860 | 447,294(b),323,506,34 |

3. (a) Occurrence of offence(കുറ്റകൃത്യം സംഭവിച്ചു):

1 Day(ദിവസം) : Saturday Time Period(സമയം) : Pahar 5

Date From(തിയതി മുതൽ) : 15/12/2018 Date To(തിയതി വരെ) : 15/12/2018

Time From(സമയം മുതൽ) : 12:30 hrs Time To(സമയം വരെ) : 12:30 hrs

(b) Information received at P.S.(പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ചു):

Date(തിയതി) : 15/12/2018 Time(സമയം) : 20:33 hrs

(c) General Diary Reference(ജനറൽ ഡയറി സൂചനാവിവരം):

Entry No.(നമ്പർ) : 034 Time(സമയം): : 20:33 hrs

4. Type of Information(ലഭിച്ച വിവരത്തിന്റെ സ്വഭാവം) : Oral

5. Place of Occurrence(കൃത്യസ്ഥലം):

1. (a) Direction and distance from P.S(P.Sൽ നിന്നുള്ള ദിശയും അകലവും) : NORTHWEST, 4 Km

Beat No(ബീറ്റ് നമ്പർ) :

(b) Address(മേൽവിലാസം) :

Anayara, Frajes Hotel Group Premises

1726/18

(c) In case, outside the limit of this Police Station,then(പോലീസ് സ്റ്റേഷന്റെ അധികാരപരിധിക്ക് വെളിയിലാണെങ്കിൽ) :

Name of P.S(പോലീസ് സ്റ്റേഷന്റെ പേര്) :

District(State)(ജില്ല(സംസ്ഥാനം)) :

6. Complainant/Informant(പരാതിക്കാരൻ/വിവരം നൽകിയ ആൾ):

(a) Name(പേര്) : Sundaresan

(b) Father's Name(പിതാവിന്റെ പേര്) : Govindan

(c) Date/Year of Birth(ജനന തീയതി/വർഷം) : 1955

(d) Nationality(പൗരത്വം) : INDIA

(e) UID No(ആധാർ നമ്പർ) :

(f) Passport No.(പാസ്പോർട്ട് നമ്പർ) :

Date of Issue(നൽകിയ തീയതി) :

Place of Issue(നൽകിയ സ്ഥലം) :

(g) Id details (Ration Card, Voter ID Card, UID No., Driving License, PAN )(തിരിച്ചറിയൽ രേഖകളുടെ വിശദാംശങ്ങൾ (റേഷൻ കാർഡ്, വോട്ടർ ഐഡി കാർഡ്,ആധാർ നമ്പർ, ഡ്രൈവിങ്ങ് ലൈസൻസ്,പാൻ)

| S.No. (ക്രമ നമ്പർ) | Id Type(തിരിച്ചറിയൽ രേഖ) | Id Number(തിരിച്ചറിയൽ രേഖ നമ്പർ) |
|---|---|---|
| | | |

(h) Occupation(തൊഴിൽ) :

(i) Address(മേൽവിലാസം) :

| S.No. (ക്രമ നമ്പർ) | Address Type (മേൽവിലാസത്തിന്റെ തരം) | Address(മേൽവിലാസം) |
|---|---|---|
| 1 | Present Address (നിലവിലെ മേൽവിലാസം) | Karumbelil Veedu, Nr Nedumankavu Market, Kareepra, Nedumankavu W, KOLLAM CITY, KERALA, INDIA |
| 2 | Permanent Address (സ്ഥിരമായ മേൽവിലാസം) | Karumbelil Veedu, Nr Nedumankavu Market, Kareepra, Nedumankavu W, KOLLAM CITY, KERALA, INDIA |

(j) Phone number(ഫോൺ നമ്പർ) :

Mobile(മൊബൈൽ ഫോൺ നമ്പർ) :

7. Details of known/suspected/unknown accused with full particulars(അറിയാവുന്ന/കണ്ടാലറിയാവുന്ന/സംശയിക്കാവുന്ന/അറിയാത്ത കുറ്റവാളികളെ സംബന്ധിച്ച വിശദ വിവരങ്ങൾ):

| S.No. (ക്രമ നമ്പർ) | Name(പേര്) | Alias(അപരനാമം) | Relative's Name (ബന്ധുവിന്റെ പേര്) | Address(മേൽവിലാസം) |
|---|---|---|---|---|
| 1 | Binu<br>Age 35 | | | @Not Revealed,PETTAH, THIRUVANANTHAPURAM CITY,KERALA,INDIA |
| 2 | George Thomas<br>Age 35 | | | @Not Revealed,PETTAH, THIRUVANANTHAPURAM CITY,KERALA,INDIA |
| 3 | Biljin K Thomas<br>Age 35 | | | @Not Revealed,PETTAH, THIRUVANANTHAPURAM CITY,KERALA,INDIA |
| 4 | Identifiable Person<br>Age 35 | | | @Not Revealed ,PETTAH, THIRUVANANTHAPURAM CITY,KERALA,INDIA |

8. Reasons for delay in reporting by the complainant/informant(പരാതിക്കാരനോ വിവരം നൽകുന്ന ആളോ പോലീസ് സ്റ്റേഷനിൽ അറിയിക്കുവാൻ കാലതാമസം വരുത്തിയതിനുള്ള കാരണം):

9. Particulars of properties of interest(മോഷ്ടിക്കപ്പെട്ട/കുറ്റകൃത്യത്തിൽ ഉൾപ്പെട്ട സ്വത്തുക്കളുടെ വിവരം):

| S.No (ക്രമ നമ്പർ) | Property Type (സ്വത്ത് തരം) | SubType (സ്വത്ത് ഉപതരം) | Description (വിശദാംശങ്ങൾ) | Value(In Rs) (മൂല്യം(രൂപയിൽ)) |
|---|---|---|---|---|

10. Total value of property stolen(In Rs) (മോഷ്ടിക്കപ്പെട്ട/കുറ്റകൃത്യത്തിൽ ഉൾപ്പെട്ട സ്വത്തുക്കളുടെ മൂല്യം) :

11. Inquest Report/U.D. case No.,if any(പ്രേതവിചാരണ റിപ്പോർട്ട്/അസ്വാഭാവിക മരണം കേസ് നമ്പർ ഉണ്ടെങ്കിൽ):

| S.No. (ക്രമ നമ്പർ) | Registration Type (രജിസ്ട്രേഷൻ തരം) | Registration Number (രജിസ്ട്രേഷൻ നമ്പർ) |
|---|---|---|

12. First Information contents(എഫ്.ഐ.ആർ. ഉള്ളടക്കം):

ഫ്രാഞ്ചൈസ് ഹോട്ടൽ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അതിക്രമിച്ചു കയറിയവരുടെ ചിത്രങ്ങൾ മൊബൈൽ ഫോണിൽ എടുത്തതിലുള്ള വിരോധത്താൽ സ്ഥലത്തിന്റെ മേൽനോട്ടം വഹിച്ചു വരുന്ന ആവലാതിക്കാരനെ ചീത്തവിളിച്ച് ദേഹോപദ്രവമേൽപ്പിച്ച് ഭീഷണിപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 15/12/2018 തീയതി 12.30 മണിയ്ക്ക് പ്രതികൾ കടകംപള്ളി വില്ലേജിൽ ടി വാർഡിൽ ആനയറ ദേശത്ത് ഫ്രാഞ്ചൈസ് ഹോട്ടൽ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അതിക്രമിച്ചു കയറി 1ാം പ്രതി ആവലാതിക്കാരനെ എടാ പുണ്ടച്ചിമോനേ എന്റെ ഫോട്ടോ എടുക്കാൻ നീ ആരാടാ എന്നു പറഞ്ഞ് അസഭ്യം വിളിച്ചും ആവലാതിക്കാരന്റെ കഴുത്തിൽ കുത്തിപ്പിടിച്ച് മൊബൈൽ ഫോൺ പിടിച്ചു വാങ്ങാൻ ശ്രമിച്ചും 2ാം പ്രതിയും കണ്ടാലറിയാവുന്ന 4ാം പ്രതിയും ചേർന്ന് ആവലാതിക്കാരന്റെ കൈപിടിച്ചു തിരിച്ചും കണ്ടാലറിയാവുന്ന 4ാം പ്രതി കൈയിൽ കരുതിയിരുന്ന ജാക്കി ലിവർ ആവലാതിക്കാരന് നേരെ ചൂണ്ടി നീ ഇവിടെ കിടന്നു പോരു കാണിച്ചാൽ അടിച്ചു നിന്റെ മണ്ട പൊളക്കും എന്നു പറഞ്ഞ് ഭീഷണിപ്പെടുത്തിയും 2ാം പ്രതി ആവലാതിക്കാരന്റെ പോക്കറ്റിൽ നിന്നും മൊബൈൽ ഫോൺ എടുത്ത് 3ാം പ്രതിയെ ഏൽപ്പിച്ച് നമ്മുടെ ചിത്രങ്ങൾ ഡിലീറ്റ് ചെയ്യെടാ എന്നു ആവശ്യപ്പെട്ടും കൈമുറുക്കി ഇടിച്ച് പിന്നിലേയ്ക്ക് തള്ളിയിട്ടും പ്രതികൾ കൃത്യത്തിന് പരസ്പരം ഉത്സാഹികളും സഹായികളുമായി നിന്നു പ്രവർത്തിച്ച് മേൽ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിരിക്കുന്നു എന്നുള്ളത്.

13. Action taken : Since the above information reveals commission of offence(s) u/s as mentioned at Item No. 2.
(സ്വീകരിച്ച നടപടി : മേൽ വിവരിച്ച റിപ്പോർട്ട് പ്രകാരം രണ്ടാം ഇനത്തിൽ കാണിച്ചിരിക്കും പ്രകാരമുള്ള വകുപ്പുകൾ അനുസരിച്ചുള്ള കുറ്റകൃത്യം നടന്നതിനാൽ ):

Registered the case and took up the investigation(കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ഏറ്റെടുത്തു):

Mohanakumara Kurup (SI (Gr) (SubInspector (Grade)))

F.I.R.read over to the complainant/informant,admitted to be correctly recorded and a copy given to the complainant/ informant free of cost(പ്രഥമ വിവര റിപ്പോർട്ട് പരാതിക്കാരനെ/വിവരം നൽകിയ ആളെ വായിച്ചു കേൾപ്പിച്ചു ശരിയായ വിവരമാണ് രേഖപ്പെടുത്തിയതെന്ന് സമ്മതിച്ചു. റിപ്പോർട്ടിന്റെ ഒരു പകർപ്പ് പരാതിക്കാരന്/ വിവരം നൽകിയ ആളിന് സൗജന്യമായി നൽകി). R.O.A.C.(ആർ.ഒ.എ.സി)

14. Signature/Thumb impression of the complainant / informant.
(പരാതിക്കാരന്റെ/വിവരം നൽകിയ ആളിന്റെ ഒപ്പ്/ വിരലടയാളം):

Signature of Officer in charge, Police Station
(പോലീസ് സ്റ്റേഷന്റെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്)

Name(പേര്) : Mohanakumara Kurup
Rank(പദവി) : SI (Gr) (SubInspector (
No(നമ്പർ) :

15. Date and time of dispatch to the court
(കോടതിയിലേക്ക് അയച്ച തീയതിയും സമയവും):
15-12-2018, 21.15 hrs.



സെക്ഷൻ ഓഫീസർ